ചിത്ര
കഥ



# വാഴ്ത്തപ്പെട്ട ചാവറയച്ചൻ

# ആരംഭം



വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ ജീവചരിത്രം ചിത്രകഥാരൂപത്തിൽ പ്രസിദ്ധീകരിക്കുവാനുള്ള ശ്രമം സമീചീനമായിരിക്കുന്നു. വിവിധ മണ്ഡലങ്ങളിൽ പ്രകാശം പരത്തിയ ചാവറയച്ചൻെറ അനന്യവ്യക്തിത്വവും പ്രവർത്തനശൈലിയും, പ്രത്യേകിച്ച് ആധ്യാത്മിക നേതൃത്വവും നമ്മുടെ ജീവിതത്തിനു മാർഗദർശകമാകട്ടെ എന്നാശംസിക്കുന്നു. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വാദ്യകരമായിരിക്കും ഈ ചിത്രകഥ. ഇതിൻെറ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്മകൾ നേരുന്നു.

1986-ലെ ക്രിസ്മസ്സുദിനം.
കാരക്കാമുറി, കൊച്ചി-11

സ്നേഹപുരസ്സരം
ഫാ. വിജയാനന്ദ് നെടുമ്പുറം സി.എം.ഐ.
പ്രിയോർ ജനറാൾ

രചന: ഫാ സെഡ് എം. മൂഴൂർ സി.എം.ഐ.
ചിത്രങ്ങൾ ബാലചന്ദ്രൻ
പ്രസാധകൻ: ഫാ. ജെ.എസ്. തേക്കുങ്കൽ സി.എം.ഐ.
വികാരി ജനറാൾ
അച്ചടി: ജെസ്സിമാറോസ് ഓഫ്സെറ്റ് പ്രിൻേറഴ്സ് ശിവകാശി.
വില. ക. 2.50
കോപ്പികൾക്ക്: ഫാ. കായൂസ് സി.എം.ഐ. പോസ്റ്റുലേറ്റർ,
ചാവറ നാമകരണസമിതി
മാന്നാനം, കോട്ടയം.

Ki 199






CARMEL ... ALWAYE THAIKATTUKARA


1805- ഫെബ്രുവരി 18ന് ചേനാൻകരി പള്ളിയിൽ വച്ച് ജ്ഞാനസ്നാനം നൽകി.
കൊച്ചു കുറിയാക്കോസ് തീരെ കുഞ്ഞായിരിക്കുമ്പോൾ അമ്മ വെച്ചൂർ പള്ളിയിൽ ദൈവ മാതാവിന് അടിമ വച്ചു.
അഞ്ചാം വയസിൽ എഴുത്തിനിരുത്തി.
ഏവർക്കും പ്രിയങ്കരനായി ആ കൊച്ചു ബാലൻ വളർന്നു.
സ്നേഹമയിയായ അമ്മ തന്റെ പുത്രന് പ്രാർത്ഥനയുടെ പ്രാഥമിക പാഠങ്ങൾ പകർന്നു കൊടുത്തു.


പള്ളിപ്പുറം എന്ന സ്ഥലത്ത് സെമിനാരി നടത്തിയിരുന്ന
പുണ്യശ്ലോകനായ പാലയ്ക്കൽ തോമാ മല്പാൻ
ഒരു ദിവസം ചാവറ വീട്ടിലെത്തി.
ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ –
കൊച്ചു കുര്യാക്കോസിന്റെ വിനയവും
പെരുമാറ്റവും മല്പാനെ ഹഠാദാകർഷിച്ചു.
കുഞ്ഞേ, നിനക്ക് വൈദികനാകാൻ ഇഷ്ടമാണോ ?
തീർച്ചയായും അച്ചോ
മകനെ സെമിനാരിയിലയക്കുവാൻ മാതാ
പിതാക്കൾക്കു വിഷമം തോന്നിയെങ്കിലും
നിർബന്ധത്തെപ്രതി അവർ അനുവാദം
നൽകി.
പള്ളിപ്പുറം സെമിനാരിയിൽ കുര്യാക്കോ
സിനോടൊപ്പം സഹപാഠികളുമുണ്ടായിരുന്നു.



1817 വരാപ്പുഴ വികാരി അപ്പോസ്തോലിക്കായിരുന്ന ... ൽ നിന്ന് ക്ലീരിക്കാസ്ഥാനവും ശെമ്മാശൻ ആസ്ഥാനപട്ടവും സ്വീകരിച്ചു.
ആ സ്ഥാനപട്ടം സ്വീകരിച്ച് ദിവസങ്ങൾ കഴിയുന്നതിന് മുമ്പാണ് വേദനാജനകമായ വാർത്ത അദ്ദേഹം അറിയുന്നത്—
അങ്ങയുടെ ജ്യേഷ്ഠൻ മരിച്ചുപോയി എത്രയും വേഗം വീട്ടിലെത്തണം.
വീട്ടിലെത്തിയ ശെമ്മാശൻ ദുഃഖത്തോടെ ജ്യേഷ്ഠന്റെ ശവസംസ്കാര ചടങ്ങുകളിൽ പങ്കെടുത്തു.
ശവസംസ്കാര ചടങ്ങുകൾ കഴിഞ്ഞ് സെമിനാരിയിലേക്കു മടങ്ങാനൊരുങ്ങിയ ശെമ്മാശനെ ബന്ധുക്കൾ തടഞ്ഞു—
ഇനി നിന്നെ സെമിനാരിയിലേക്കു പോകാൻ ഞങ്ങൾ അനുവദിക്കുകയില്ല നീ പോയാൽ കുടുംബം അനാഥമാകുമെന്ന് അറിയില്ലേ ?
നിങ്ങളാരും എന്നെ തടയരുത് ഞാൻ മുമ്പോട്ടു വെച്ച കാൽ പുറകോട്ടു വലിക്കില്ല.




THAIKKATTUKARA


പട്ടമേററ ചാവറയച്ചൻ വിവിധ പള്ളികളിൽ സഹായിയായി. പ്രശംസനീയമായ രീതിയിൽ പല ഇടവകകളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചു—
ചാവറയച്ചന്റെ ആത്മീയ ഗുരുവായിരുന്ന പാലയ്ക്കൽ തോമ്മാ മല്പാൻ ദൈവമാതാവിന്റെ സവിശേഷ ഭക്തനായിരുന്നു. ദൈവമാതാവിന്റെ നാമത്തിൽ ഒരു ദർശന ഭവനം തപസ്സിനും പ്രാർത്ഥനക്കുമായി ഉണ്ടാക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു.
ചമ്പക്കുളം ഇടവകയിലെ പുരാതന കുടുംബമാണ് പോരൂക്കര. 1800-ൽ അവിടെ ജനിച്ച പോരൂക്കര തോമ്മാ 23-ാം വയസ്സിൽ വൈദിക പട്ടമേറ്റു.
ഭക്തനും ഏവർക്കും മാതൃകയുമായ അദ്ദേഹം ആദ്യം സ്വന്തം ഇടവകയിലും പിന്നീട് തങ്കശ്ശേരിയിലും ഇടവക ധ്യാനം നടത്തി.


വനവാസത്തിനും തപസ്സിനുമായി ആഗ്രഹിച്ച പോരൂക്കരയച്ചൻ അതിനായി ഒരു ഭവനം സ്ഥാപിക്കാനാഗ്രഹിച്ചു. സ്വന്തം ഇടവകക്കാരനായ പാലയ്ക്കലച്ചനുമായി ഈ കാര്യം ചർച്ച ചെയ്തു.
തൊമ്മാച്ചാ.. അങ്ങയുടെ പരിശ്രമങ്ങൾക്കു പിന്നിൽ ഞാൻ എപ്പോഴും ഉണ്ടായിരിക്കും.
തപോഭവനം സ്ഥാപിക്കാൻ ഒരുങ്ങിയ പാലയ്ക്കൽ, ചാവറയച്ചനുമായി പോരൂക്കരയച്ചൻ സന്ധിച്ചു. ആ സമാഗമം കേരള സഭാ ചരിത്രത്തിലെ ഒരു അപൂർവ്വ സംഭവമായിരുന്നു.
വനവാസ ജീവിതത്തിനുള്ള അനുമതിക്കായി ചാവറയച്ചനും തൊമ്മാ മല്പാനും പോരൂക്കര തോമ്മാകത്തനാരും കൂടി ഒരു ദിവസം വരാപ്പുഴയിലെത്തി മെത്രാനച്ചനെ കണ്ടു.
അല്ലെങ്കിലും വിവരമുള്ള നിങ്ങൾ മൂന്നു പേരും വനവാസവുമായി അടങ്ങിയൊതുങ്ങിയാൽ മറ്റുള്ളവരുടെ കാര്യം ആരു നോക്കും ?
പിതാവേ..... ഇതു ഞങ്ങളുടെ വലിയൊരാഗ്രഹമാണ്
എങ്കിൽ ഒരു കാര്യം ചെയ്യൂ.... ഒരു ആശ്രമം തുടങ്ങുക. നിങ്ങൾക്കും ലോകത്തിനുമതുപകാരമാകും.


ഇതിനു സഹായം എവിടെനിന്നു കിട്ടും തിരുമേനി-
ദൈവസഹായം ഉണ്ടെങ്കിൽ എല്ലാം നടക്കും.
മെത്രാന്റെ നിർദ്ദേശമനുസരിച്ച് പണപ്പിരിവിനായി എല്ലാ പള്ളികളിലേക്കും ഒരു
ജനങ്ങളും പള്ളികളും ഉദാരമായി സംഭാവന നൽകി.
ആദ്യ സംഭാവന മെത്രാന്റേതായിരുന്നു. അദ്ദേഹം 200 രൂപ നൽകി.
കൊവേന്ത സ്ഥാപിക്കുന്നതിനു പറ്റിയ ഒരു സ്ഥലം തേടി പാലയ്ക്കൽ അച്ചനും, പോരൂക്കര അച്ചനും, ചാവറയച്ചനും പല സ്ഥലങ്ങളിലും അലഞ്ഞു. മുട്ടം, വെട്ടിക്കാട്ടു മുക്ക്, പിറവം, വടകര തുടങ്ങിയ സ്ഥലങ്ങളിൽ പല കുന്നുകളും അവർ കയറിയിറങ്ങി. കണിയാന്തറ യാക്കോബ് സർവ്വാത്മനാ സഹായത്തിന് ഉണ്ടായിരുന്നു.


അതിരമ്പുഴ, തീരത്തുള്ള പള്ളിക്കുന്ന്.
വേദഗിരിയിലുണ്ട്, കൂടല്ലൂർ അടുത്തുള്ള പുല്ല
രിക്കുന്ന് ഇവിടെ എല്ലാം അവർ പരിശോധിച്ചു.
അവസാനം മാന്നാനം കുന്നിൽ അവർ
എത്തിച്ചേർന്നു. മാന്നാനം കരയിൽ
കുര്യൻ തരകന്റെ വീട്ടിൽ അവർ എത്തി.
അച്ചന്മാർ മറ്റൊന്നും ഭയക്കേണ്ട..
എല്ലാ സഹായങ്ങളും ഞാൻ ചെയ്തു തരാം.
ബുദ്ധിമുട്ടാകു
കയില്ലേ ?
മാന്നാനം കുന്നിൽ കാടുകൾ വെട്ടിത്തെളിച്ച്
ദർശന വീടിന്റെ പണി ആരംഭിച്ചു.


പാലയ്ക്കൽ തോമ്മാമല്പാൻ മാന്നാനത്തേക്കു പോന്നതുകൊണ്ട് പള്ളിപ്പുറം സെമിനാരി കുര്യാക്കോസ് ചാവറയച്ചനാണ് നടത്തിയിരുന്നത്.
ഇതിനിടെ അവസരം കിട്ടുമ്പോഴൊക്കെ ചാവറയച്ചൻ മാന്നാനത്തും എത്തിയിരുന്നു.
1831 മെയ് 11 ന് മാന്നാനം ആശ്രമത്തിന്റെ ശിലാസ്ഥാപനകർമ്മം മൗറേലിയസ് മെത്രാനെക്കൊണ്ടു നടത്തിക്കാനാണ് തീരുമാനിച്ചത്.
പിതാവേ ഇതു ഞങ്ങളുടെ അഭിലാഷമാണ് അങ്ങുതന്നെ ശിലാസ്ഥാപനകർമ്മം നിർവഹിക്കണം.
പക്ഷെ ശിലാസ്ഥാപന കർമ്മ ദിവസം മെത്രാനച്ചൻ മാന്നാനത്തെത്തിയിട്ടും പെട്ടെന്നുണ്ടായ ശാരീരിക അസ്വാസ്ഥ്യം മൂലം ശിലാസ്ഥാപന കർമ്മം നടത്താൻ കഴിഞ്ഞില്ല.
ഒടുവിൽ പോരൂക്കര തോമ്മാമല്പാൻ ആശ്രമത്തിന്റെ ശിലാസ്ഥാപന കർമ്മം നടത്തി. വിശുദ്ധ യൗസേപ്പ് പിതാവിന്റെ നാമത്തിലാണ് ആശ്രമം സ്ഥാപിച്ചത്.


1831-ലെ പന്തക്കുസ്താ തിരുനാൾ ദിവസം ദേവാലയത്തിന്റെ വെഞ്ചെരിപ്പും ദിവ്യപൂജാർപ്പണവും നടന്നു. പങ്കെടുത്ത വൈദികരെല്ലാം ഓരോ രൂപ കാണിക്കയിട്ടു.
ഈ നല്ല സംരംഭത്തെ തകർക്കാൻ ചില തല്പരകക്ഷികൾ പ്രവർത്തനം ആരംഭിച്ചു.
അത്രയും മുടക്കിയിരിക്കുന്ന മതിൽ വലിയ കാര്യമുണ്ടോ വെറുമൊരു കെട്ടിടം അല്ലാതെന്താ?
ഇതേ കാലയളവിൽ മറേലിയനസ് മെത്രാനെ റോമിലേക്കു തിരികെ വിളിച്ചു. മെത്രാന്റെ അഭിപ്രായപ്രകാരം ചാവറയച്ചനും, പാലയ്ക്കൽ മൽപാനും, പോരൂക്കരയച്ചനും അങ്ങോട്ടു കാണാനെത്തി.
മക്കളേ, നിങ്ങളുടെ സംരംഭം തീർച്ചയായും വിജയിക്കും. ദൈവം അനുഗ്രഹിക്കട്ടെ.
മെത്രാനച്ചനെ യാത്രയാക്കാനായി അവർ കടൽക്കരയിലെത്തി.
മറേലിയനസ് മെത്രാന്റെ പിൻഗാമിയായി എത്തിയത് ഫ്രാൻസിസ് സേവ്യർ മെത്രാനാണ്.


പുതിയ മെത്രാന്റെ അടുക്കൽ ചിലർ ഏഷണിയുമായി എത്തി.
മാന്നാനത്തു താമസിച്ച് ആശ്രമപ്പണികൾ നടത്തിയിരുന്ന ചാവറ കുര്യാക്കോസച്ചനെ മെത്രാൻ പള്ളിപ്പുറം പള്ളിയുടെ വികാരിയായി സ്ഥലം മാറ്റി.
പള്ളിപ്പുറത്തെ ഇടവകക്കാരിലും അയാൾ ഒന്നാക്കിയാൽ മതി.
പാലയ്ക്കൽ തോമ്മാ മല്പാൻ വാർദ്ധക്യം മൂലം കിടപ്പിലാണ്. പോരൂക്കര അച്ചൻ ആശ്രമം പണിക്ക് പണം പിരിക്കാൻ യാത്രയിലാണ്. അതുകൊണ്ട് ആശ്രമം പണികൾ മുടങ്ങി. പണപ്പിരിവു നടത്തിയിരുന്ന പോരൂക്കരയച്ചനെ കോട്ടയം മുട്ടം പള്ളിയുടെ വികാരിയായി നിയമിച്ചു.
പള്ളിപ്പുറത്തു നിന്ന് ചാവറയച്ചൻ ഇടക്ക് മാന്നാനത്തെത്തി ആശ്രമം പണിയുടെ മേൽനോട്ടം വഹിച്ചിരുന്നു. പള്ളിപ്പുറത്ത് വലിയച്ചൻ എന്ന തൊമ്മിയച്ചനാണ് ചുമതലകൾ നിർവ്വഹിച്ചിരുന്നത്.
ഞാൻ, എന്നാൽ മാന്നാനത്ത് പോയി ഒരാഴ്ച കഴിഞ്ഞ് മടങ്ങാം. അതിന് ഇടവക കാര്യങ്ങൾ ഒന്നുമില്ലല്ലോ അല്ലേ??
പള്ളിപ്പുറത്ത് വലിയച്ചൻ ഇടവകയിൽ പെട്ട ഒരാളെ അടിച്ച കേസ് മെത്രാന്റെ പക്കലെത്തി—
പിതാവേ, ഇപ്പോൾ ഇടവക ഭരണം ചാവറയച്ചനല്ല. വലിയച്ചനാണ്. അദ്ദേഹം യാതൊരു കാരണവുമില്ലാതെ ഈ നിൽക്കുന്ന ആളെ അടിച്ചു.


മെത്രാൻ ദൂതൻ വഴി ഒരു സന്ദേശം ചാവറയച്ചന് എത്തിച്ചു.
ഉടനടി ചാവറയച്ചൻ മെത്രാന്റെ അരികിലെത്തി.
പിതാവേ.... എന്നെയും വലിയച്ചനെ പള്ളിപ്പുറം പള്ളിയുടെ വികാരിയാക്കി എന്നെ വിടുതൽ ചെയ്യണമേ.
താനാണോ തീരുമാനിക്കുന്നത്?
ദുഃഖത്തോടെ ചാവറയച്ചൻ മടങ്ങി—
പോയ് വരാം പിതാവേ......
താമസിയാതെ മെത്രാന്റെ മനസ്സുമാറ്റം വന്നു. വലിയച്ചനെ പള്ളിപ്പുറം പള്ളി വികാരിയാക്കി ചാവറയച്ചനെ വിടുതൽ ചെയ്തു. തന്മൂലം ആശ്രമം പണിയുടെ ചുമതല ഭംഗിയായി നടത്തുവാൻ കഴിഞ്ഞു.
ആശ്രമം പണികളോടൊപ്പം സെമിനാരിയുടെ പണിയും ആരംഭിച്ചു. 1833-ൽ മാന്നാനത്ത് മലങ്കര സഭയുടെ പൊതു സെമിനാരി ആരംഭിച്ചു.



1841-ൽ ജനുവരി 16-ന് പാലയ്ക്കൽ തോമാ മല്പാൻ അന്ത്യശ്വാസം വലിച്ചു.
1844-ൽ പോരൂക്കരയച്ചനെയും ചാവറയച്ചനെയും കേരള സഭയുടെ മല്പാന്മാരായി പ്രഖ്യാപിച്ചു. ഫ്രാൻസിസ് സേവ്യർ മെത്രാൻ അവരോടുള്ള മതിപ്പും വിശ്വാസവും പ്രകടിപ്പിച്ചു.
നമുക്ക് ദൈവത്തോടു നന്ദിപറയാം. കാര്യങ്ങളെല്ലാം നീങ്ങിക്കിട്ടുന്നില്ലേ?
അച്ചടി വിദ്യയുടെ പ്രാധാന്യം അറിഞ്ഞിരുന്ന ചാവറയച്ചൻ സ്വന്തമായി ഒരു പ്രസ്സുണ്ടാക്കാൻ ആഗ്രഹിച്ചു. കോട്ടയത്ത് അന്നു പ്രവർത്തിച്ചിരുന്ന ഒരു പ്രസ്സ് കാണാൻ ചാവറയച്ചൻ ചെന്നെങ്കിലും അതിന്റെ ഉടമകൾ അനുവദിച്ചില്ല. ചാവറയച്ചൻ തിരുവനന്തപുരത്തെത്തി സർക്കാർ വക പ്രസ്സ് കണ്ടു മടങ്ങി.
അതിന്റെ മാതൃക വാഴപ്പിണ്ടിയിൽ ഉണ്ടാക്കി അതുപോലൊന്നു പണിയാൻ ഒരു പാണ്ടിത്തട്ടാനെ ഏൽപ്പിച്ചു
അതാണ് തിരുവിതാംകൂറിന്റെ ചരിത്രത്തിലെ മൂന്നാമത്തെ അച്ചടിയന്ത്രം


1846 ജനുവരി 8. പോരൂക്കരയച്ചൻ 46-ാം വയസിൽ അന്തരിച്ചു.
ഈ മാന്നാനം കുന്നിലെ ദേവാലയവും സന്യാസാശ്രമവും നമ്മളെല്ലാം ഈ വന്ദ്യപിതാവിന്റെ, നിത്യ ഓർമ്മയായിരിക്കട്ടെ.
മാന്നാനത്തെ സന്യാസാശ്രമത്തിന്റെ സർവ്വ ചുമതലകളും ചാവറയച്ചന്റെ ചുമതലയിലായി. 1846-ൽ മാന്നാനത്ത് സംസ്കൃത പാഠശാല ആരംഭിച്ചു.
ആദ്ധ്യാത്മിക നവോത്ഥാനത്തിനും പള്ളികളിലെ ഞായറാഴ്ച പ്രസംഗങ്ങളും പൊതു ധ്യാന പരിപാടികളും നടത്തുന്നതിനും അന്നത്തെ തിരക്കേറിയ ജോലികൾക്കിടയിൽ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.
പള്ളിയിലെ പരാതികൾ പഠിച്ച് ഉപതാ കമ്മിറ്റിയിൽ സ്ഥാപിക്കുന്നതിന് ഏകാംഗ കമ്മീഷനായി ചാവറയച്ചൻ നിയോഗിക്കപ്പെട്ടു. വഴക്കുകൾ രമ്യമാക്കുന്നതിനും നീതി ഏവർക്കും ലഭിക്കുന്നതിനും അദ്ദേഹത്തിന്റെ പ്രവർത്തനം സഹായകമായി.


മാന്നാനത്തെ ആശ്രമസമൂഹം പ്രാർത്ഥനയിലും ഇടവകപ്പള്ളികളിലെ ആദ്ധ്യാത്മിക നവീകരണത്തിലും ശ്രദ്ധ ചെലുത്തി പ്രവർത്തിക്കുകയായിരുന്നു. മെത്രാപ്പോലീത്താ അവർക്ക് നിർദ്ദേശം കൊടുത്തു —
ഇനി നിങ്ങളുടെ സമൂഹത്തിന് നിയമ സാധുതയും അംഗീകാരവുമാണ് വേണ്ടത്.
പിതാവേ, അതിനുള്ള സഹായങ്ങൾ അങ്ങു തന്നെ ചെയ്തു തരണമേ
മെത്രാപ്പോലീത്തായുടെ നിർദ്ദേശമനുസരിച്ച് മാന്നാനത്തെ സമൂഹം ആലോചിച്ചു. വേണ്ട കാര്യങ്ങൾ ചാവറയച്ചൻ എഴുതി മെത്രാപ്പോലീത്തയെ ഏല്പിച്ചു.
നിങ്ങളുടെ ക്രമം അംഗീകാരമായിട്ടില്ല. അതുകൊണ്ട് മെത്രാപ്പോലീത്താ മൂന്നാം സഭയുടെ നിയമാവലി ഞാൻ നിങ്ങൾക്കു തരികയാണ്.
കർശനമായ നിയമാവലിയിൽ കാലാനുസരിച്ച് ഭേദഗതികൾ വരുത്തി ചാവറയച്ചൻ വീണ്ടും സമർപ്പിച്ചു. അതു മെത്രാപ്പോലീത്താ അംഗീകരിച്ചില്ല. താൻ കൊടുത്തതു തന്നെ സ്വീകരിക്കാൻ നിർബന്ധിച്ചു.
അതും അനുസരിക്കുക. പിന്നീടാവട്ടെ അനുരൂപണം.



മാർപാപ്പയുടെ പക്കൽ ഒരു മുഖ്യ
നിവേദനം നൽകിയിരുന്നു.
മാർപ്പാപ്പയും ചാവറയച്ചന്റെ ആശയങ്ങ
ളോട് യോജിപ്പുണ്ടായിരുന്നു. എങ്കിലും
വരാപ്പുഴ മെത്രാപ്പോലീത്താ
പുതിയ സഭക്ക് അമലോത്ഭവ മാതാവിന്റെ ദാസ
മർസ്സലിനോസ് മിഷനറി നടത്തി.
1855 ഡിസംബർ 8. സഭയിൽ ചേരാ
നാഗ്രഹിച്ചവർ വ്രതവാഗ്ദാ
നത്തിനു ഒരുങ്ങി വന്നു.
മെത്രാപ്പോലീത്തായുടെ പ്രതിനിധിയായ മർസ്സിലിനോസ്
മിഷനറിയുടെ മുമ്പാകെ ചാവറയച്ചൻ വ്രതവാഗ്
ദാനം ചെയ്തു.


വ്രതാനുഷ്ഠാന വേളയിൽ തിരുക്കുടുംബത്തിന്റെ കുറിയാക്കോസ് ഏലിയാ എന്ന പേരാണ് ചാവറയച്ചൻ സ്വീകരിച്ചത്.
വ്രതാർത്ഥികളായ 10 വൈദികർ സഭാ ശ്രേഷ്ഠനായ ചാവറയച്ചന്റെ മുമ്പാകെ വ്രതവാഗ്ദാനം ചെയ്തു.
തുടർന്ന് 30 വർഷം ബെർണ്ണദീനോസ് മെത്രാപ്പോലീത്ത അംഗീകരിച്ച നിയമാവലി അനുസരിച്ചു പോന്നു. 1885 ലും 1906 ലും പുതിയ നിയമാവലികൾ മാർപാപ്പ പരിശോധനാർത്ഥം നൽകുകയും 1906 മാർച്ച് 12ന് അതു് ശാശ്വതമായി അംഗീകരിക്കുകയും ചെയ്തു. 1860-ൽ റോമിൽ കൂടിയ കർമ്മലീത്താ സഭയുടെ ആഗോള പൊതു സംഘം അമലോത്ഭവ മറിയത്തിന്റെ ദാസ-സംഘത്തെ തങ്ങളുടെ സഭയുടെ മൂന്നാം സഭയായി അംഗീകരിച്ചു. തന്മൂലം 1861-ൽ കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയായി അറിയപ്പെട്ടു.


ചാവറ കുറിയാക്കോസ് അച്ചൻ പതിനാറ് വർഷത്തോളം കർമ്മലീത്താ സഭയുടെ പ്രിയോ
രായി ഭരണം നടത്തി. അതിനിടയ്ക്ക് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശാഖാ
ഭവനങ്ങൾ അദ്ദേഹം തന്നെ സ്ഥാപിച്ചു. കൂനമ്മാവ്, എൽത്തുരുത്ത്, പ്ലാശനാൽ, വാഴക്കുളം,
അമ്പഴക്കാട്, പുളിങ്കുന്ന്, മുത്തോലി എന്നീ സ്ഥലങ്ങളിലാണ് അവ സ്ഥാപിച്ചത്.
ഇക്കാലയളവിൽ കേരള സുറിയാനി കത്തോലി
ക്കാ സഭയുടെ ചരിത്രത്തിൽ ചില നാടകീയ സംഭവ
ങ്ങൾ അരങ്ങേറുകയായിരുന്നു.
1860 സെപ്റ്റംബർ 30 ബാബേലിൽ
നിന്ന് റോക്കോസ് മെത്രാൻ കേരളത്തി
ലേക്ക് തിരിച്ചു.
1861 മെയ് 6. റോക്കോസ് കൊച്ചിയിലെത്തി
സ്വന്തം നാട്ടുമെത്രാനെ കിട്ടാൻ ആഗ്രഹിച്ചവരും
വരാപ്പുഴയിലുള്ള ലത്തീൻ മെത്രാനോട്
എതിർപ്പുള്ളവരും റോക്കോസിനെ സ്വീകരിച്ചു.
റോക്കോസ് മെത്രാൻ വാഴട്ടെ!
മാർപാപ്പായുടെ അംഗീകാരമോ, അനുമതി
പത്രമോ റോക്കോസിനുണ്ടായിരുന്നില്ല.
ആകെയുള്ള 154 പള്ളികളിൽ
86 എണ്ണം പൂർണ്ണമായും 30 എണ്ണം ഭാഗി
കമായും റോക്കോസിന്റെ നിയന്ത്രണ
ത്തിലായി. പട്ടംകൊടുക്കൽ, പള്ളികൾ
ഒപ്പം നാമകരണം മുതലായവയിൽ
റോക്കോസ് വ്യാപൃതനായി.


വരാപ്പുഴ മെത്രാൻ ഈ അവസരത്തിൽ ചാവറയച്ചന്റെ സഹായം തേടി.
അച്ചോ? അങ്ങ് മെത്രാൻ സ്ഥാനം സ്വീകരിച്ചു പ്രവർത്തിച്ചാലേ ഈ കലഹങ്ങൾ അവസാനിക്കുകയുള്ളൂ.
പിതാവേ, ജീവൻ കൊടുത്തും ഞാൻ സഭയ്ക്കു വേണ്ടി പോരാടാം. പക്ഷെ മെത്രാൻ സ്ഥാനം സ്വീകരിക്കാൻ മാത്രം പറയരുതേ..
മലയാളത്തിലെ സുറിയാനിക്കാരുടെ മുഴുവൻ വികാരി ജനറാളായി ചാവറയച്ചൻ സ്ഥാനമേറ്റു. റോക്കോസിനെതിരെ പ്രവർത്തനങ്ങൾ ആരംഭിച്ചു.
സഭയെ ഭിന്നിപ്പിക്കാൻ വന്നവൻ യഥാർത്ഥ ഇടയനല്ല. കള്ള ഇടയനാണ്.
സഭാതലവനായ മാർപ്പാപ്പയ്ക്ക് ചാവറയച്ചൻ നേരിട്ട് കത്തെഴുതി സത്യം മനസ്സിലാക്കി.
റോമിൽനിന്ന് മാർപ്പാപ്പാ നൽകിയ മറുപടി റോക്കോസ് അനുവാദംകൂടാതെ വന്നതാണെന്നും. അദ്ദേഹത്തെ റോമിലേക്ക് മടക്കിവിളിക്കാൻ ... പത്രിയാർക്കീസിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയിരുന്നു.


ഈ സംഭവങ്ങളെല്ലാം ചാവറയച്ചൻ അറിയുന്നുണ്ടായിരുന്നു. പക്ഷെ ഇതൊന്നും അദ്ദേഹത്തെ
ആളുകൾ ചാവറയച്ചനിൽ വിശ്വാസം അർപ്പിച്ചു തുടങ്ങി. കൂട്ടം കൂട്ടമായി അവർ റോക്കോസിനെ ഉപേക്ഷിച്ച് തിരിച്ചു വന്നു.
റോക്കോസിനെതിരെ നിരോധനാജ്ഞ പുറപ്പെടുവിച്ചു.


ചാവറയച്ചനെ ദിവ്യനായി കണ്ട കൊച്ചി ദിവാനും റോക്കോസിനെതിരെ നിരോധനാജ്ഞ പുറപ്പെടുവിച്ചു.
ക്ഷമിക്കണം, അങ്ങേക്ക് കൊച്ചിരാജ്യത്ത് പ്രവേശിക്കാൻ സാധ്യമല്ല.
മാർപാപ്പായുടെ നിർദ്ദേശപ്രകാരം ബാബേൽ പാത്രിയാർക്കീസ് റോക്കോസിനെ തിരികെ വിളിച്ചു.
കല്പനയുമായി ദൂതനെത്തി.
അങ്ങു പോകാൻ ഞങ്ങൾ അനുവദിക്കുകയില്ല. എന്തായാലും നാട്ടുകാരെല്ലാം നമ്മുടെ പിന്നിൽ അണിനിരക്കും.
ജീവൻ രക്ഷിക്കാനായി കൊച്ചി കോട്ടയിൽ അഭയം തേടിയ റോക്കോസ്, ചാവറയച്ചന് ഒരു കത്തു കൊടുത്തയച്ചു. താൻ ചെയ്ത തെറ്റുകളെല്ലാം മാർപാപ്പയെ അറിയിച്ച് പ്രായശ്ചിത്തം ചെയ്യാമെന്നും, എങ്ങിനെയും ബോംബെയിലേക്കു പോകാൻ വേണ്ട സഹായം ചെയ്യണമെന്നുമായിരുന്നു കത്തിന്റെ ഉള്ളടക്കം.
രഹസ്യമായി ബോംബെയിലേക്കു പോകാൻ റോക്കോസിന് വേണ്ട സഹായങ്ങൾ ചാവറയച്ചൻ ചെയ്തുകൊടുത്തു. അദ്ദേഹം കപ്പൽ കയറി പോയി കഴിഞ്ഞാണ് ആളുകൾ വിവരം അറിയുന്നത്. അവർ ലഹളക്കൊരുങ്ങിയപ്പോൾ ചാവറയച്ചൻ ഇടപെട്ട് അവരെ സമാധാനിപ്പിച്ചു.


തൊണ്ടനാട്ട് അന്തോനിക്കത്തനാർ 1865-ൽ ബാബിലോണിലെ നെസ്തോറിയൻ പാത്രിയാർക്കീസിൽ നിന്ന് മെത്രാൻ സ്ഥാനം സ്വീകരിച്ച് കൊച്ചിയിലെത്തി- 'അബ്ദീശോ' എന്ന പേരിൽ പള്ളികളെ പിടിയിലടക്കാനായിരുന്നു ഉദ്ദേശ്യം
അവസാനം എല്ലാവരാലും പരിത്യക്തനായ അബ്ദീശോ ചാവറയച്ചന്റെ അരികിലെത്തി സഹായം അഭ്യർത്ഥിച്ച് മാപ്പുപറഞ്ഞു.
അച്ചോ- എന്റെ എല്ലാ തെറ്റുകളും മാപ്പാക്കണം.
ആദ്ധ്യാത്മിക നവോത്ഥാനത്തിന് ചാവറയച്ചൻ തുടക്കമിട്ടു- വൈദികർക്ക് പ്രതിവർഷം ധ്യാനം ഏർപ്പെടുത്തി- അവർക്ക് വിദ്യാഭ്യാസത്തിൽ കൂടുതൽ അവസരം കിട്ടുന്നതിന് മാന്നാനത്തിനു പുറമെ വാഴക്കുളത്തും എൽത്തുരുത്തിലും സെമിനാരികൾ സ്ഥാപിച്ചു.

വൈദികരുടെ ധ്യാനം, തിരുനാളുകൾ എന്നിവയ്ക്കായി ചാവറയച്ചൻ ക്രമങ്ങൾ തയ്യാറാക്കി. സാധാരണക്കാരുടെ ആദ്ധ്യാത്മിക ഉണർവിനായി ഇടവക ധ്യാനങ്ങൾ നടപ്പാക്കി. അഗതി മന്ദിരങ്ങൾ ഇന്ത്യയിൽ ആദ്യമായി തുടങ്ങിയതും ചാവറയച്ചനാണ്. അനാഥരായ (അഗതികൾക്കായി)" ഉപവിശാല "അദ്ദേഹം തുടങ്ങി.



പിന്നോക്ക സമുദായക്കാർക്കു വേണ്ടി അദ്ദേഹം പാഠശാലകൾ തുടങ്ങി. മാന്നാനം, ആർപ്പൂക്കര. എടത്വാ. പുളിങ്കുന്ന്, കൈനകരി എന്നീ സ്ഥലങ്ങളിലാണ് വിദ്യാലയങ്ങൾ തുടങ്ങിയത്.



സന്യാസാഭിനിവേശമുള്ള വനിതകൾക്കു വേണ്ടി കേരളത്തിലെന്നല്ല; ഭാരതത്തിൽ തന്നെ ആദ്യമായി ഒരു മഠം ആരംഭിച്ചതും ചാവറയച്ചനാണ്. ആത്മീയ ഉപദേഷ്ടാവായ ലെയോപോൾഡ് മിഷനറിയും ഇതിൽ സഹകരിച്ചു.




1866 ഫെബ്രുവരി 13ന് കൂനമ്മാവിൽ ഒന്നാമത്തെ കർമ്മലീത്താ മഠം ഉദ്ഘാടനം ചെയ്തു.
അന്നത്തെ സന്യാസിനികൾ വാകയിൽ ഏലീശാ, പുത്രി അന്ന, സഹോദരി ക്ലാര, വെള്ളം പുത്തനങ്ങാടി ഏലീശാ എന്നീ സഹോദരിമാരായിരുന്നു.
ഭക്തജനങ്ങളിൽ നിന്ന് നിർല്ലോഭമായ സഹകരണമാണുണ്ടായത്. അന്നത്തെ പ്രമാണികളിൽ നിന്ന് തന്നെ 8000 രൂപാ സംഭാവനയായി ലഭിച്ചു. അന്തേവാസികളുടെ എണ്ണവും വർദ്ധിച്ചുകൊണ്ടിരുന്നു. ഓലക്കെട്ടിടത്തിന്റെ സ്ഥാനത്ത് വിശാലമായ ഒരു കെട്ടിടം ഉയർന്നു.
കൂനമ്മാവിൽ നാട്ട് അഞ്ചേറിയ ഒരു കൂട്ടത്തെ അവിടുന്ന് വളർന്ന് പടർന്ന് കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിൽ പോലും ആതുര ശുശ്രൂഷാ രംഗത്തും വിദ്യാഭ്യാസ മേഖലയിലും മറ്റും സേവന രംഗങ്ങളിലും നിരവധി സേവനങ്ങൾ ചെയ്യുന്നു.


ജീവിക്കുന്ന വിശുദ്ധനായിട്ടാണ് സഹസന്യാസിമാരും വൈദികരും ബഹുജനങ്ങളും ചാവറയച്ചനെ കരുതിയത്. ദിവ്യകാരുണ്യഭക്തി അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉടനീളം നില നിന്നു
ക്രിസ്ത്യാനികൾ മാത്രമല്ല ഹൈന്ദവർ പോലും ചാവറയച്ചന്റെ വ്യക്തി മാഹാത്മ്യത്തിൽ ആകൃഷ്ടരായി. മീനച്ചിൽ തഹസിൽദാരായിരുന്ന ഒരു നായർ പ്രമാണി അദ്ദേഹം ദിവ്യനാണ്, ഈശ്വര പ്രസാദം ഉള്ളവനാണ് എന്നു പ്രസ്താവിക്കുകയുണ്ടായി.
ചാവറയച്ചനോ അദ്ദേഹം ഒരു ദിവ്യ പുരുഷനാണ് സംശയമില്ല.
ചാവറയച്ചന്റെ ജീവിതത്തിൽ അത്ഭുത കരങ്ങളായ അനേകം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മാന്നാനം ആശ്രമം പണിയാനായി ഒരു സഹോദരനോടൊപ്പം പ്ലാശനാൽ ഭാഗത്തുള്ള വനത്തിൽ മരം മുറിക്കാൻ പോയി.
എന്ത്..? ചാവറയച്ചൻ വനത്തിലേക്കു പോയിരിക്കുന്നോ? അവിടെയല്ലേ ആ കരിങ്കോളി പാമ്പ് താവളമടിച്ചിരിക്കുന്നത്. നമുക്കും അവിടേക്കു പോകണം.


നാട്ടുകാർ ഓരോരുത്തരും വടികളുമായി പിറകെ പോയി.
നമ്മൾ ചെല്ലുമ്പോഴേക്കും ഒന്നും സംഭവിക്കാതിരുന്നാൽ മതിയായിരുന്നു
വനാന്തരങ്ങളിൽ കണ്ട ഒരു കാഴ്ച അവരെ അത്ഭുതപ്പെടുത്തി.
നാട്ടുകാർ പാമ്പിനെ വെടിവെച്ചു കൊല്ലുന്നതുവരെ ചാവറയച്ചൻ ധ്യാനനിരതനായി അതേ നില്പു നിന്നു.
എല്ലാം ദൈവത്തിന്റെ കരങ്ങളിലാണ് കുഞ്ഞുങ്ങളേ
പള്ളിപ്പുറത്തെ വികാരിയായിരിക്കുമ്പോൾ വസൂരി പിടിപെട്ട് മരണാസന്നനായ ഒരാളെ ശുശ്രൂഷിക്കാൻ ചാവറയച്ചൻ തയ്യാറായി. അയാളെ പലരും വിലക്കി.
ഇതെന്റെ കടമയാണ് കുഞ്ഞുങ്ങളേ ഈശോനാഥൻ നമ്മെ പഠിപ്പിച്ച മാർഗ്ഗമാണത്
ഒരിക്കൽ മാന്നാനത്തെ പ്രസിന്റെ നടത്തിപ്പിന് വലിയ ബുദ്ധിമുട്ട് നേരിട്ടു. ഒരൊറ്റ ചക്രം പോലും കൈയ്യിലില്ല. ദൈവത്തോട് ചാവറയച്ചൻ പ്രാർത്ഥിച്ചു.
പിതാവേ അങ്ങയുടെ ഹിതം എന്താണോ അതു നിറവേറട്ടെ.
പ്രാർത്ഥന കഴിഞ്ഞു പുറത്തിറങ്ങിയ ചാവറയച്ചൻ പള്ളിക്കു പുറത്ത് തന്നെ കാത്തു നിൽക്കുന്ന ഒരാളെ കണ്ടു.
എന്താ വന്നത്?
അച്ചനെ കാണുവാൻ വന്നതാണേ....


ഇതാ : 500 ചക്രമുണ്ട്. അങ്ങേയ്ക്ക് വല്ല കാര്യങ്ങൾക്കും ഉപകരിക്കും. ഇതങ്ങു വിട്ടാൽ 500 ചക്രം കൂടി കൊടുത്തയക്കാം.
കവിയും സാഹിത്യകാരനുമായിരുന്ന ചാവറയച്ചൻ ഒരു മഹാകാവ്യവും രണ്ടു ഖണ്ഡകാവ്യങ്ങളും രചിച്ചിട്ടുണ്ട്.
ആത്മാനുതാപം എന്ന സുദീർഘകാവ്യം ക്രിസ്തുവിന്റെ ജനനം മുതൽ മരണം വരെയും മരണാനന്തര ക്രൈസ്തവ സഭയുടെ ചരിത്രവും ഉൾക്കൊള്ളുന്നതാണ്. മരണവീട്ടിൽ പാടുവാനുള്ള പാന നിരവധി സംഭവങ്ങൾ വിവരിക്കുന്ന ഒരു കൃതിയാണ്. അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന ഖണ്ഡകാവ്യം മലയാളഭാഷയിലെ ആദ്യത്തെ ലക്ഷണമൊത്ത ഖണ്ഡകാവ്യമാണ്.
നാളാഗമം
ധ്യാനസല്ലാപങ്ങൾ
നല്ല അപ്പന്റെ ചാവരുൾ എന്ന കൃതി തന്റെ ജന്മദേശക്കാരായ കൈനകരിക്കാർക്ക് സന്മാർഗ്ഗ ജീവിതത്തിനുതകുന്ന ഉപദേശമായി നൽകിയതാണ്.
ധ്യാനസല്ലാപം, നാളാഗമം, (മാന്നാനം ആശ്രമസ്ഥാപനത്തിന്റെയും മറ്റും ചരിത്രം) എന്നീ കൃതികളും ചാവറയച്ചന്റേതാണ്.


ഒരു ലിത്താ സഭയുടെ പൊതുമല്പാനായും വലിയ പ്രിയോരച്ചനായും ചാവറയച്ചൻ സേവനമനുഷ്ഠിച്ചു.
ലെയൊനാർദ് ലൂയിസ് മെത്രാപ്പോലീത്താ സ്ഥാനത്തിലേക്കു ഉയർത്തപ്പെടുന്നതിനു മുമ്പ് മാന്നാനത്തെത്തി ചാവറയച്ചനെ കണ്ടു. ലെയോപോൾഡ് മിഷണറിയും ക്ലോസ് ലേക്കു പോകാൻ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.
അങ്ങേക്കു ആശ്രമം എങ്ങനെയുണ്ട്?
മെത്രാന്മാർക്ക് മംഗളപത്രം കൊടുത്തതിനു ശേഷം ചാവറയച്ചൻ സ്വന്തമായി രചിച്ച ഒരു കവിത പാരായണം ചെയ്തു. അവരുടെ താത്ക്കാലിക വേർപാടിനെ മുൻനിർത്തി എഴുതിയ കവിത കേട്ട് മെത്രാനും മിഷനറിയും പൊട്ടിക്കരഞ്ഞു.
ചാവറയച്ചനെ സമാശ്വസിപ്പിച്ച ശേഷം മെത്രാനും മറ്റും യാത്ര പറഞ്ഞു.
വാർദ്ധക്യവും കഠിനാദ്ധ്വാനവും നടത്തിയിട്ടും ചാവറയച്ചൻ ജ്ഞാനതൃഷ്ണ പോലും ഉപേക്ഷിച്ചില്ല. ഒട്ടേറെ ഭാഷാജ്ഞാനം ഉണ്ടായിരുന്ന ചാവറയച്ചൻ ഇറ്റാലിയൻ ഭാഷ അറിയാമായിരുന്ന ഒരാളെ അടുത്തിരുത്തി ആ ഭാഷ പഠിച്ചു തുടങ്ങി!
ഇനി- അച്ചൻ നല്ലം വിശ്രമിച്ചിട്ടു പോരെ ബാക്കി ഭാഗങ്ങൾ
വിശ്രമമോ! എന്തിന്? നമുക്ക് പഠനം തുടരാം.



ഭരണങ്ങാനം പള്ളിയിൽ ചില സഭാ തർക്കങ്ങൾ ഉണ്ടായപ്പോൾ അതു പരിഹരിക്കാൻ ചാവറയച്ചൻ പുറപ്പെട്ടു.
മക്കളെ ദൈവത്തെ ഓർത്ത് നിങ്ങൾ സമാധാനമായി പിരിയുക.
ഈ യാത്ര കഴിഞ്ഞ് മടങ്ങിവന്ന ചാവറയച്ചന് വാതപ്പനി പിടിപെട്ടു.
രോഗാവലംബിയായിട്ടും ചാവറയച്ചൻ പ്രാർത്ഥനകൾക്കു മുടക്കം വരുത്തിയിട്ടില്ല.
1870 – നവംബർ
അവർ ചാവറയച്ചനെ സന്ദർശിച്ചു. ആ പുനഃസമാഗമം ഹൃദയസ്പർശിയായിരുന്നു.
ചാവറയച്ചന്റെ രോഗം കലശലായി. 1871 ജനുവരി 3. ആ പുണ്യചരിതൻ ദിവംഗതനായി.
ശവസംസ്കാര ചടങ്ങിൽ ചരമ പ്രസംഗം നടത്തിയത്
ഇന്ന്


നാഗരികാണിക്കൽ പ്രൗഢമായ ചടങ്ങുകൾക്കു ശേഷം
ഭൗതികദേഹം കൂനമ്മാവ് ആശ്രമ ദേവാലയത്തിലെ
ബലിപീഠത്തിനു മുമ്പിൽ സംസ്കരിക്കപ്പെട്ടു.
1889 മെയ് 24 ന് ചാവറയച്ചന്റെ
ഭൗതികാവശിഷ്ടങ്ങൾ ഒരു ചെറു
പെട്ടിയിലാക്കി മാന്നാനം ആശ്രമ
ദേവാലയത്തിൽ പുനഃ സംസ്കാരം
നടത്തി.
മാന്നാനത്തെ കബറിടത്തിലേയ്ക്ക് ധാരാളം
ആളുകൾ എത്തിക്കൊണ്ടിരുന്നു.
ചാവറ കുറിയാക്കോസ് അച്ചനോടൊപ്പം മാർപ്പാപ്പയാൽ വാഴ്ത്തപ്പെട്ടവൾ എന്ന
നാമധേയം ചെല്ലപ്പെട്ട അൽഫോൻസാമ്മയുടെ മാരക രോഗം 1936-ൽ ചാവറയ
ച്ചനോടുള്ള പ്രാർത്ഥന മൂലം പൂർണ്ണമായും സുഖമായി.



കുടിലഞ്ഞി സ്വദേശിയായ പെരുമ്പാ ചറവിൽ ജോസഫ്
മാത്യുവിന് ചാവറയച്ചന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച
സുഖപ്രാപ്തി അനേകം അത്ഭുതങ്ങളിൽ ഒന്നാണ്.
ജന്മനാ മുടന്തനായിരുന്ന അദ്ദേഹം സുഖപ്രാപ്തനായി
ഇപ്പോഴും ജീവിച്ചിരിക്കുന്നു.
1955-ൽ 12-ാം പീയൂസ് മാർ
നാമകരണ
നടപടികൾക്ക് പ്രാരംഭത്തിന് അനു
മതി നൽകി 1984 ഏപ്രിൽ 7ന് -
ചാവറയച്ചനെ ജോൺപോൾ
മാർപാപ്പ ധന്യരുടെ പദവിയിലേ-
ക്കുയർത്തി.
1986 ഫെബ്രുവരി 8. ചാവറയച്ചനെ ജോൺ
പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ട-
വനായി പ്രഖ്യാപിച്ചു.
വാഴ്ത്തപ്പെട്ട ചാവറ
യച്ചാ ഞങ്ങൾക്കു
വേണ്ടി പ്രാർത്ഥിക്ക-
ണമേ...
നമുക്കും മാന്നാനത്തേക്കുപോകാം
ആ പിതാവിന്റെ കബറിടം
സന്ദർശിച്ച് അനുഗ്രഹം
പ്രാപിക്കാം.

# ദീപിക

Deepika, The First Malayalam Daily (Estd. 1887)

വാർത്തയും
വിജ്ഞാനവും
വിനോദവും

വഴിവിളക്ക്
അഞ്ചു വർഷം മുമ്പ് ദീപിക
ആരംഭിച്ച
കൺസ്യൂമർ ഗൈഡൻസ്
പംക്തി.

വിദ്യാർത്ഥികൾക്കും
ഉദ്യോഗാർത്ഥികൾക്കും
ഓഹോ പേജ്
- നാലു വർഷം മുമ്പ് ദീപിക
തുടങ്ങിവച്ച പരിപാടി

രണ്ടും മലയാള പത്രപ്രവർത്തനത്തിൽ വിജയകരമായ പരീക്ഷണങ്ങളായി. ഇതേ മാതൃക സ്വീകരിക്കാൻ മറ്റു പത്രങ്ങളും മുന്നോട്ടുവന്നു.

ആഴ്ചതോറും
തൊഴിൽരംഗം,
വിദ്യാഭ്യാസരംഗം,
വിദേശപഠനസാദ്ധ്യതകൾ,
കോഴ്സുകൾ, പരീക്ഷകൾ, തൊഴിലവസരങ്ങൾ, പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവ സംബന്ധിച്ച വായനക്കാരുടെ സംശയങ്ങൾക്ക് മറുപടി നൽകുന്ന
വിജ്ഞാനം തേടി
ഉദ്യോഗം തേടി
(കരിയർ ഗൈഡൻസ്)

ദിനംതോറും
സ്റ്റുഡൻറ്സ് കോർണർ
എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്കുള്ള
സമ്പൂർണ്ണ പാഠസഹായി



കാർഷിക രംഗം · ഫിലിം കോർണർ · സ്പോർട്സ് രംഗം · ബാലപംക്തി · ശാസ്ത്ര രംഗം · വഴിവിളക്ക് · കലാരംഗം



ഗ്രാമദർശനം · വാരാന്തപ്പതിപ്പിൽ · നോവലുകൾ · ചിത്രകഥകൾ